## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1843 16.02.2016-ലെ മറുപടിക്ക്**
**"വ്യാപാര സ്ഥാപനങ്ങളിലെ പരിശോധന"**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എം. ചന്ദ്രൻ | | ശ്രീ.ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) | |
| (എ) | വാണിജ്യ നികുതി വകുപ്പ് ഉദ്യോഗസ്ഥർ വ്യാപാര സ്ഥാപനങ്ങളിലെ പരിശോധന കൃത്യമായി നടത്താറുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പരിശോധനാ സമയത്ത് വ്യാപാരികൾ സഹകരിക്കാതിരിക്കുകയും പ്രക്ഷോഭ പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | പരിശോധന സമയത്ത് സാധാരണ വ്യാപാരികൾ സഹകരിക്കാറുണ്ട്. എന്നാൽ ചില സംഘടനകളുടെ നേതൃത്വത്തിൽ സമീപത്തുള്ള മറ്റു കച്ചവടക്കാർ പ്രക്ഷോഭ പരിപാടികൾ സംഘടിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൂടാതെ പരിശോധന സമയത്ത് ചില വ്യാപാരികൾ കടകൾ അടച്ച് ഹർത്താൽ ആചരിക്കുകയും പരിശോധന തടസ്സപ്പെടുത്തുകയും, പ്രതിഷേധ പ്രകടനം നടത്തുകയും, ചില സ്ഥലങ്ങളിൽ ഉദ്യോഗസ്ഥരെ കയ്യേറ്റം ചെയ്യുന്ന അവസ്ഥ വരെ ഉണ്ടായിട്ടുണ്ട്. |
| (സി) | കൃത്യമായി പരിശോധന നടത്താത്തതിനാൽ നികുതി വരുമാനത്തിൽ ഗണ്യമായ കുറവ് സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | കൃത്യമായ പരിശോധനകൾ നടത്തുന്നുണ്ട്. പരിശോധനയുടെ അഭാവം നിമിത്തം നികുതി വരുമാനം കുറയുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | നികുതി പിരിവ് ഊർജ്ജിതമാക്കുവാൻ വാണിജ്യ നികുതി വകുപ്പ് സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണ്? | (ഡി) | 1) നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിനായി നികുതി മേൽനോട്ട സമിതി, വില നിരീക്ഷണ സമിതി എന്നിവയുടെ ആഭിമുഖ്യത്തിൽ വിശകലനം നടത്തുന്നുണ്ട്. നികുതി നിർണ്ണയം ഊർജ്ജിതമാക്കുന്നതിന് റിട്ടേൺ സ്ക്രൂട്ടിനി ശക്തമാക്കി. കൂടുതൽ വ്യാപാരികളെ നികുതി നിർണ്ണയ പരിധിയിൽ കൊണ്ടുവരുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br>2) ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി ഇന്റഗ്രേറ്റഡ് ചെക്ക്പോസ്റ്റ് പരീക്ഷണാടിസ്ഥാനത്തിൽ |

അമരവിളയിൽ ഇതിനകം നടപ്പിലാക്കി. മറ്റ് അതിർത്തി ചെക്ക്പോസ്റ്റുകളിൽ ഈ സംവിധാനം ഏർപ്പെടുത്തുന്നത് പരിഗണിച്ചുവരുന്നു. സി.സി.ടി.വി. ക്യാമറ സംവിധാനം എല്ലാ അതിർത്തി ചെക്ക്പോസ്റ്റുകളിലും നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

3) നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിനായി വലിയ തുകകൾ ഉൾപ്പെട്ട ഹൈക്കോടതിയിലുള്ള കേസുകൾ അടിയന്തിരമായി തീർപ്പാക്കി നികുതി പിരിച്ചെടുക്കാനുള്ള ശ്രമങ്ങൾ നടത്തിവരുന്നു. ഹൈക്കോടതി സ്റ്റേ നിലവിലുള്ള കേസുകൾ തീർപ്പാക്കുന്നത് സംബന്ധിച്ച് അഡ്വക്കേറ്റ് ജനറൽ, സർക്കാർ വക്കീലന്മാർ എന്നിവരുമായി മന്ത്രിതലത്തിൽ കൂടിയാലോചന നടത്തി നിർദ്ദേശം നൽകിയിട്ടുണ്ട്. യാതൊരു നിബന്ധനയുമില്ലാതെ നൽകിയ സർക്കാർ സ്റ്റേകൾ പിൻവലിച്ചിട്ടുണ്ട്. ഇതിനുപുറമേ ഡെപ്യൂട്ടി കമ്മീഷണർ (അപ്പീൽ) ട്രൈബ്യൂണൽ എന്നിവയിൽ സ്റ്റേയിൽ കിടക്കുന്ന കേസുകളും അടിയന്തിരമായി തീർപ്പാക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

4) അന്യസംസ്ഥാനങ്ങളിൽ നിന്നും കേരളത്തിനകത്തേക്കു വരുന്ന ചരക്കുകളുടെ വിശദാംശങ്ങൾ ഓൺലൈനായി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു. ഇതു പ്രകാരം സംസ്ഥാനത്തിനകത്തേക്കു വരുന്ന സാധനങ്ങൾ വ്യാപാരികൾ അവരുടെ റിട്ടേണിൽ കാണിച്ചിട്ടുണ്ടോ എന്നുള്ളത് പെട്ടെന്ന് ഒത്തുനോക്കാൻ കഴിയും. ആഢംബര നികുതി, കാർഷികാദായ നികുതി, മണിലെൻഡേഴ്സ് നിയമം എന്നിവയിലുള്ള റിട്ടേണുകളും ഓൺലൈനാക്കി.

5) ചെക്ക്പോസ്റ്റുകളുടേയും വാണിജ്യ നികുതി ഇന്റലിജൻസ് വിഭാഗത്തിന്റേയും പ്രവർത്തനം കാര്യക്ഷമമാക്കിക്കൊണ്ട് നികുതി വെട്ടിപ്പ് പരമാവധി കുറയ്ക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. കുടിശ്ശിക അസ്സസ്സ്മെന്റുകൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും റിട്ടേൺ സ്ക്രൂട്ടിനിയുടെ നിലവാരം വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു.

6) നികുതി നിർണ്ണയ അധികാരി

| | | | |
|---|---|---|---|
| | | | കളുടെ യോഗം നടത്തി പൊട്ടൻഷ്യൽ അസസ്സ്മെന്റ്, മോഡിഫൈഡ് അസസ്സ്മെന്റ് എന്നിവ സമയബന്ധിതമായി പൂർത്തിയാക്കാനും സി.എസ്.ടി അസസ്സ്മെന്റുകൾ എത്രയും പെട്ടെന്ന് തീർപ്പാക്കാനും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. നികുതി വെട്ടിപ്പ് പ്രകടമായി അനുഭവപ്പെടുന്ന സെക്ടറുകളിൽ ഇന്റലിജൻസ് വിംഗ് വിശദാംശങ്ങൾ ശേഖരിച്ച ശേഷം കട പരിശോധന ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇന്റലിജൻസ് വിംഗിനോട് കട പരിശോധനയുമായി ബന്ധപ്പെട്ട ക്രൈം ഫയലുകൾ പെട്ടെന്ന് തീർപ്പാക്കി അസസ്സ്മെന്റ് വിംഗിന് നൽകാൻ നിർദ്ദേശം നൽകി. ട്രെയിൻ, ലക്ഷ്വറി ബസ് എന്നിവയിലൂടെയുള്ള അനധികൃത ചരക്ക് വ്യാപനം ഫലപ്രദമായി തടയുന്നതിനായി ഈ മേഖലയിൽ പരിശോധന ശക്തിപ്പെടുത്തിയിട്ടുണ്ട്. റവന്യൂ റിക്കവറിയിൽ കിടക്കുന്ന തുകകൾ കാലവിളമ്പം കൂടാതെ പിരിച്ചെടുക്കുന്നതിനായി ജില്ലാകളക്ടർമാരുടെ യോഗം വിളിച്ചു ചേർത്ത് നിർദ്ദേശം നൽകുകയുണ്ടായി. വകുപ്പുതല റവന്യൂ റിക്കവറി നടപടികൾ ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. തുണിത്തരങ്ങളിന്മേലുള്ള വിറ്റുവരവ് നികുതി അടയ്ക്കാത്ത തുണിസ്ഥാപനങ്ങളുടെ അസസ്സ്മെന്റ് സമയബന്ധിതമായി പൂർത്തിയാക്കി തുടർനടപടി സ്വീകരിച്ചുവരുന്നു. ഇതിനുപുറമേ നികുതി നിർണ്ണയ വ്യവസ്ഥ കാര്യക്ഷമമാക്കുന്നതിനായി ആഡിറ്റ് അസസ്സ്മെന്റ് വിംഗ് പുന:സ്ഥാപിച്ചിട്ടുണ്ട്.<br>7) കൂടാതെ അന്യസംസ്ഥാനങ്ങളിൽ നിന്നും സ്വന്തം ആവശ്യത്തിനെന്ന പേരിൽ വിവിധ കെട്ടിടനിർമ്മാണ സാമഗ്രികൾ കൊണ്ടുവന്ന് അനധികൃത വിൽപ്പന നടത്തി നികുതി വെട്ടിപ്പ് നടത്തുന്നത് തടയുന്നതിനായി ആവശ്യകതയുടെ ആധികാരികത ഉറപ്പു വരുത്തുന്നതിന് മുൻകൂട്ടി അനുവാദം വാങ്ങേണ്ട സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ റിട്ടേൺ സ്കൂട്ടിണിയും അതിനെ തുടർന്നുള്ള നികുതി നിർണ്ണയവും ഫലപ്രദമാക്കുന്നതിനായി കേന്ദ്രീകൃതമായ ഡാറ്റാ മൈനിംഗ് സെല്ലി |

| | | | |
|---|---|---|---|
| | | | ന്റെ പ്രവർത്തനം ശക്തിപ്പെടുത്തി. വിവിധ Computer generated Report-കളുടെ അടിസ്ഥാനത്തിൽ ഫയലുകൾ സെലക്ട് ചെയ്യുകയും അതിൽ പൊരുത്തക്കേടുകൾ കണ്ടെത്തുന്ന ഫയലുകൾ ത്വരിത ഗതിയിൽ നികുതി നിർണ്ണയം നടത്തുന്നതിന് നികുതി നിർണ്ണയ അധികാരികൾക്ക് നൽകുകയും ചെയ്തുവരുന്നു. കൂടാതെ സ്റ്റോക്ക്, വാങ്ങൽ വില്പന എന്നിവ പരിഗണിച്ച് നികുതി വെട്ടിപ്പ് നടക്കുന്നതായി വ്യക്തമാകുന്ന കേസുകളും ഈ സെൽ കണ്ടെത്തി ഇന്റലിജൻസ് വിഭാഗത്തിന് പരിശോധനയ്ക്കായി നൽകിവരുന്നു. |

സെക്ഷൻ ആഫീസർ.